പോവുകയുമില്ല. പക്ഷേ അവർ പറയുന്നു അടയ്ക്ക സംഭരണം നടക്കുന്നു, 6 കോടി കൊടുത്തു, 2 കോടി കൊടുത്തു എന്നൊക്കെ. കാംകോയോട് ഇന്നലെ വിളിച്ചു ചോദിച്ചു. അടയ്ക്ക സംഭരണത്തിന് 2 കോടി രൂപ കൊടുത്തിട്ട് ഒരു പൈസപോലും ഇല്ല. അവരുടെ മൂപ തീർന്നു. അവർ ഇന്നലെയോടെ സംഭരണം നിർത്തിയിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട ഗവൺമെന്റിന് അറിയാമോ? അടയ്ക്ക കൃഷിക്കാരെ രക്ഷിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? അതാണ് എന്റെ ചോദ്യം. 2 കോടി രൂപ കൊടുത്തത് തീർന്നു. ബാക്കി പണം കാംകോക്ക് കൊടുക്കാൻ തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ ജോർജിനോട് കുറെക്കൂടി അനുകമ്പ കാണിക്കുകയാണ്. ഇതിൽ എഴുതിയിരിക്കുന്നത് എന്താണെന്നുവച്ചാൽ നിയമസഭയുടെ റൂളിൽ 271-ാമത്തേത് ആണെന്നു തോന്നുന്നു, അതിൽ നിയമസഭയിൽ ചർച്ച ചെയ്ത് അംഗീകരിച്ച പ്രശ്നം പിന്നീടു ചർച്ചയ്ക്ക് എടുക്കാൻ പറ്റുകയില്ല എന്നാണ്. ഇന്നലെ ബഡ്ജറ്റ് പാസ്സാക്കിയതാണ്. ഈ നിയമസഭ ഒരിക്കൽ പാസ്സാക്കിയ ഐറ്റം rule പ്രകാരം ചർച്ചചെയ്യാൻ പറ്റുന്നതല്ല. എങ്കിലും ഞാൻ മറുപടി പറഞ്ഞു കാര്യംകൂടെ കൂടി അറിയട്ടെ തെറ്റിദ്ധാരണ മാറട്ടെ എന്നു കരുതിയാണ് പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്ത് മോഷൻ പാസ്സാക്കിയതാണ്. എന്നിട്ടുപോലും ശ്രീ. പി. സി. ജോർജ് തന്നതിന് ഞാൻ മറുപടി പറഞ്ഞു. അതിൽ എഴുതിയിരിക്കുന്നത് നാണ്യവിളകളായ കുരുമുളക്, കാപ്പി, അടയ്ക്ക, നെല്ല് മുതലായവയുടെ സംഭരണം പരാജയപ്പെട്ടു എന്നാണ്. അപ്പോൾ ഞാൻ അല്പം പൊളിറ്റിക്സ് പറഞ്ഞാൽ എന്താണ് ദോഷം? ഈ ഗവൺമെന്റിനെ കരിവരച്ചു കാണിക്കാൻ ശ്രമിച്ചാൽ ഉള്ളതു പറയണമല്ലോ?

(2) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്ന പരമ്പരാഗത വ്യവസായമേഖല കഴിഞ്ഞ കുറെ വർഷങ്ങളായി അവഗണനയെ നേരിടുകയാണ്. വിദേശ വ്യവസായ നിക്ഷേപങ്ങളുടെ വർണ്ണാഭമായ പ്രഖ്യാപനങ്ങൾക്കിടയിൽ കമ്പ്യൂട്ടർ തന്നെയാണ് അവസാന വാക്ക് എന്ന് വിശ്വസിക്കുന്ന ഒരു ജനസമൂഹം വളർന്നുവരുകയാണ്. ഐ.ടി.-യേയും ബി.ടി.-യേയും ഫുഡ് പ്രോസ്സസ്സിംഗിനേയും കുറിച്ച് പറയുന്നത് ഒരു ഫാഷനാക്കി മാറ്റിയ കുറെ ആളുകൾ നമ്മുടെ സമൂഹത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നു. അതിനിടയിൽ അവഗണിക്കപ്പെടുന്നത് പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളാണ്. കൈത്തറി, കശുവണ്ടി, കയർ, ഈറ്റ, പനമ്പ്, നെയ്ത്ത് എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങൾ വളരെ സൂക്ഷ്മമായിരിക്കുകയാണ്. ഞാൻ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഈ മേഖലയിൽ കാര്യമായ ഊന്നൽ

കൊടുത്തുകൊണ്ട് നമ്മുടെ തൊഴിൽ സംരക്ഷണത്തിനുവേണ്ടി പരമ്പരാഗത മേഖലയിൽ നിന്ന് ലാഭമുണ്ടാക്കുന്നതിനേക്കാൾ പ്രധാനമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. കൈത്തറി മേഖലയിലെ തറി ഒച്ചകൾ ഓരോ ദിവസവും നിലച്ചുകൊണ്ടിരിക്കുകയാണ്. നെയ്ത്തിനാവശ്യമായ നൂൽ പോലും കൊടുക്കാൻ പലപ്പോഴും കഴിയുന്നില്ല. വൻതോതിൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. ഇൻഡസ്ട്രിയൽ റവല്യൂഷൻ വന്ന കാലത്തെ അനുസ്മരിപ്പിക്കുമാറ് സംസ്ഥാനങ്ങളിൽ നിന്നും പവർലൂമുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും കൊണ്ടുവന്ന് ഡംപ് ചെയ്യപ്പെടുമ്പോൾ കൈത്തറി മേഖലയിലെ തൊഴിലാളികൾ ബുദ്ധിമുട്ടിയും പട്ടിണി കിടന്നും ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. റിബേറ്റിൽ കാര്യമായ കുടിശ്ശിക ഉണ്ടാകുന്നതുകൊണ്ട് പല സംഘങ്ങളുടേയും നിലനിൽപ്പ് ഭീഷണിയിലാണ്. റിബേറ്റ് നൽകിക്കൊണ്ടു മാത്രം ഈ മേഖലയെ പിടിച്ചുനിർത്താൻ കഴിയുമെന്ന് വിചാരിക്കുന്ന ഒരു ആളല്ല ഞാൻ. മറിച്ച് ഈ മേഖലയുടെ നവീകരണത്തിന് ആവശ്യമായ ഗൈഡൻസ് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാവണം. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ആവശ്യമായ പുതിയ ഡിസൈൻ തയ്യാറാക്കാനും ഇതിന്റെ നവീകരണ പ്രക്രിയകൾ നടപ്പാക്കാനുമുള്ള സഹായം ഗവൺമെന്റ് നൽകണം. പുതിയ വിപണി കണ്ടെത്താൻ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളേയും സംഘങ്ങളേയും സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണം. ചേന്ദമംഗലം കൈത്തറി എന്നുപറയുന്നത് ഏറ്റവും പ്രശസ്തമായ കൈത്തറിയാണ്. അങ്ങേക്ക് അറിയാം. ഈ സമീപകാലത്ത് ഒരു സംഘം മുൻകൈയെടുത്ത് രണ്ടുമൂന്ന് ഡിസൈനുകളിൽ ഷർട്ട് ഉണ്ടാക്കിയപ്പോൾ ചൂടപ്പം പോലെ വിറ്റഴിയുന്ന ഒരു അവസ്ഥയുണ്ടായി. നമ്മുടെ പൊതു മാർക്കറ്റിൽ നിന്ന് ആയിരം രൂപയ്ക്കും 1500 രൂപയ്ക്കും വാങ്ങുന്ന ഷർട്ടുകളേക്കാൾ വളരെ വില കുറഞ്ഞ രീതിയിലുള്ള നല്ല ഉൽപ്പന്നങ്ങൾ നമുക്ക് വിറ്റഴിക്കാൻ കഴിഞ്ഞു. അത്തരം വിൽപ്പനയ്ക്കും നവീകരണത്തിനും വിപണി കണ്ടെത്തുന്നതിനാവശ്യമായ സഹായം ഗവൺമെന്റ് ചെയ്തുകൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ നമ്മുടെ കയർ മേഖലയും പ്രതിസന്ധിയിലാണ്. യാണുകളുടെ പിരി മേഖലയും ഫാക്ടറി മേഖലയും ഉണ്ട്. ഫാക്ടറി മേഖലയ്ക്ക് ഒരുപാട് ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ പിരി മേഖലയ്ക്ക് ഒന്നും കിട്ടുന്നില്ല. കയർഫെഡും സംഘങ്ങളും വലിയ കുഴപ്പത്തിലായിരിക്കുകയാണ്. സംഘങ്ങളെ സഹായിക്കണം. ഈ മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ കൂലിയും തൊഴിലും ഉറപ്പിക്കണം. വൈവിദ്ധ്യവൽക്കരണത്തിന്റെ പേര് പറഞ്ഞുകൊണ്ട് മറ്റു പല ഉൽപ്പന്നങ്ങളും ഈ മേഖലയിൽ കടന്നുവരുന്നത് തടയാൻ കൂടി ഈ ഗവൺമെന്റ് മുൻകൈയെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ തന്നെ ചകിരി ഉൽപ്പാദിപ്പിക്കാനും സംഘങ്ങളെ സഹായിക്കാനുമുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കശുവണ്ടി മേഖലയിലെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. 120 കോടി രൂപയുടെ കടബാദ്ധ്യത ഏറ്റെടുത്തിട്ടുണ്ട്. കാപ്പെക്സിന് 3 കോടി രൂപ കൊടുത്തിട്ടുണ്ട്. പക്ഷേ 2 ലക്ഷത്തോളം തൊഴിലാളികൾ വർക്ക് ചെയ്യുന്ന ഈ മേഖലയിൽ എല്ലാ വർഷവും ഇതുപോലെ പണം കൊടുത്ത് നിലനിർത്താൻ കഴിയുമോ എന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. കശുവണ്ടി വികസന കോർപ്പറേഷൻ വിദേശത്തു നിന്ന് കശുവണ്ടി ഇറക്കുമതി ചെയ്യുകയാണ്. അതിനുപകരം നമ്മുടെ സംസ്ഥാനത്തെ തോട്ടണ്ടി സംഭരിച്ചുകൊണ്ട് ഇവിടെ തന്നെ പ്രോസസ് ചെയ്ത് തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. സഹകാര്യ മുതലാളിമാർ ഇവിടത്തെ തോട്ടണ്ടി തന്നെ സംഭരിക്കുകയും പ്രോസസ്സ് ചെയ്ത് വിതരണം ചെയ്യുകയും ചെയ്യുന്ന സംവിധാനമുണ്ട്. ഈ മേഖലയിൽ ഒരു സ്ഥിരത ഉണ്ടാക്കാനുള്ള മുൻകൈ കൂടി ഗവൺമെന്റ് എടുക്കണം. അതുപോലെ വളരെ പ്രധാനപ്പെട്ട ഒന്നാണ് കളള് ചെത്ത് മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നം. അവർ ദുരിതത്തിലാണ്. എൽ.ഡി.എഫ്.-ന്റെ നാലേമുക്കാൽ വർഷത്തെ ഭരണത്തിനുശേഷം സൊസൈറ്റികളെ ഏൽപ്പിച്ചപ്പോൾ മുതൽ തന്നെ അവർ ദുരിതത്തിലായി. ലൈസൻസ് സമ്പ്രദായം വന്നതോടുകൂടി അവർക്ക് കിട്ടേണ്ടുന്ന യാതൊരു ആനുകൂല്യങ്ങളും കിട്ടുന്നില്ല. ഷാപ്പുകൾ ആരും ഏറ്റെടുക്കുന്നില്ല. നാലായിരത്തോളം വരുന്ന കേരളത്തിലെ കളളുഷാപ്പ് തൊഴിലാളികൾ തൊഴിൽ കിട്ടാതെ വലയുന്ന ഒരു സ്ഥിതിയുണ്ടായിരിക്കുന്നു. കളള് വ്യവസായത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തിക്കൊണ്ട് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൂടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈറ്റ, പനമ്പ് തൊഴിലാളികളും പ്രതിസന്ധിയിലാണ്. സ്കൂളുകളിലെ ഉച്ചക്കഞ്ഞി മാത്രമാണ് അവിടത്തെ കുട്ടികളുടെ ഭക്ഷണം. ഏപ്രിൽ-മേയ് മാസം ആകുമ്പോൾ അവരുടെയെല്ലാം വീടുകളിൽ പട്ടിണിയാണ്. അതുകൊണ്ട് ഈ മാസങ്ങളിൽ അവർക്ക് സൗജന്യ റേഷൻ കൊടുക്കാനുള്ള സംവിധാനം ചെയ്തില്ലെങ്കിൽ പട്ടിണി മരണമുണ്ടാകുമെന്ന് ഞാൻ ഭയപ്പെടുന്നു. കശുവണ്ടിയും ഖാദിയും കൈത്തറിയും കയറും എല്ലാം വ്യത്യസ്ത വകുപ്പുകളുടെ കീഴിലാണ്. ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഒരു വകുപ്പുണ്ടാക്കാൻ ഈ ഗവൺമെന്റ് മുൻകൈ എടുക്കണം. നാലഞ്ച് മന്ത്രിമാരുടെ കീഴിലുള്ള സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവന്ന്, ഒരു ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗൗരവമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, കശുവണ്ടി എന്നീ മേഖലകളെ സംരക്ഷിക്കുന്നതിനും അവിടെ ജോലി നോക്കിവരുന്ന തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൈത്തറി വ്യവസായ രംഗത്ത് തറികളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, മൂല്യവർദ്ധനവു വരുത്തിയ ആകർഷണീയമായ ഉല്പന്നങ്ങളുടെ രൂപകല്പന, നെയ്ത്തുകാർക്ക് വിദഗ്ദ്ധപരിശീലനം, ഉല്പാദനം, വിപണനം, എന്നീ പ്രവർത്തനങ്ങളെ സമന്വയിപ്പിച്ച് സഹകരണ സംഘങ്ങളുടെ 40 കൺസോർഷ്യം രൂപീകരിച്ച് 295 സംഘങ്ങളിലായി 23.33 കോടി രൂപയുടെ ദീൻദയാൽ കൈത്തറി വികസന പദ്ധതി നടപ്പാക്കി വരുന്നു. കൈത്തറിയുടെ വികസനത്തിനായി കണ്ണൂരിൽ ടി.സി.ഐ.ഡി.എസ്. സ്കീമും പ്രവർത്തനക്ഷമമാക്കും. വാല്യൂ അഡിഷനിലുള്ള കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള നേതൃത്വം കൈത്തറി ഡയറക്ടറേറ്റിന് നൽകിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നെയ്ത്തുകാർ ഉല്പാദിപ്പിച്ച് അവാർഡ് നേടിയ പുതിയ ഡിസൈനിലുള്ള വസ്ത്രങ്ങളുടെ പ്രദർശനവും വിൽപ്പനയും ഇന്ന് കനകക്കുന്ന് സൂര്യകാന്തിയിൽ നടക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ പോയി അത് കാണണം. കൈത്തറി മേഖലയിൽ നമ്മൾ കൈവരിച്ച നേട്ടങ്ങൾ മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷം 1.5 കോടി രൂപ റിബേറ്റിനത്തിലും 7.61 കോടി രൂപ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിലും വിതരണം ചെയ്യുകയുണ്ടായി. ഇതുകൂടാതെ 6.67 കോടി രൂപ കേന്ദ്ര സർക്കാരിന്റെ 10% റിബേറ്റ് ഇനത്തിൽ അനുവദിച്ചതിൽ 2.87 കോടി രൂപ ഇതിനകം വിതരണം ചെയ്യുകയുണ്ടായി. റിബേറ്റ് കുടിശ്ശിക ഉടനെ കൊടുത്തുതീർക്കുന്നതാണ്. സ്വകാര്യമേഖലയിലെ ഒറ്റത്തറിക്കാരായ നെയ്ത്തുകാരുടെ വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാരിന്റെ എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ട് സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 14.64 കോടി രൂപയുടെ മറ്റൊരു പ്രോജക്ട് ബാലരാമപുരത്തും 11.08 കോടി രൂപയുടെ ഒരു പ്രോജക്ട് കണ്ണൂരിലും നടപ്പാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ നവീകരണത്തിനായി ഗുണമേൻമയോടെ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്ന കയർ സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. കയർ മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി ഒരു ദേശീയ

ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടികൾ എടുത്തുവരുന്നു. കാൽ എച്ച്.പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. കയർമേഖല നേരിടുന്ന പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ അയൽ

10.00 A.M.] സംസ്ഥാനങ്ങളിൽ നിന്നും കയർഫെഡ്, കയർ കോർപ്പറേഷൻ വഴി ചകിരി വാങ്ങി സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നു. തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നതിനുവേണ്ടി ഡിസ്ട്രസ് പർച്ചേസ് പദ്ധതി കയർ കോർപ്പറേഷൻ വഴിയും കയർ ഫെഡ്ഡ് വഴിയും നടപ്പാക്കിവരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള 107.57 കോടി രൂപയും അതിന്റെ പലിശയും അഞ്ച് വാർഷിക ഗഡുക്കളായി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി 40.5 കോടി രൂപ ബാങ്കുകൾക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നും പുനർ വായ്പ ലഭ്യമാക്കി 6-12-2004 മുതൽ ഫാക്ടറികളിൽ ജോലി പുനരാരംഭിക്കുകയും ചെയ്തു. തോട്ടണ്ടിയുടെ പ്രോസ്സസിംഗിലും ജീവനക്കാരുടെ ജോലി സാഹചര്യത്തിലും ആധുനികവത്കരണം നടപ്പാക്കി വരുന്നു. കാപെക്സിന്റെ ചരിത്രത്തിലാദ്യമായി 150-ൽ അധികം ദിവസം ഈ വർഷം ജോലി നൽകിയിട്ടുണ്ട്. വ്യാജവാറ്റും വ്യാജമദ്യ വിൽപ്പനയും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. ബീഡി വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഒരു കമ്മിറ്റിയെ വയ്ക്കാൻ തീരുമാനിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത വ്യവസായ നിധി രൂപീകരിച്ച് ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ വി. ഡി. സതീശൻ</u> : സർ, നമ്മുടെ കൈത്തറി മേഖലയിൽ നൂലിന് വലിയ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അതിനുവേണ്ടി യാൺ ബാങ്കുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ യാൺ ബാങ്കുകൾക്കുവേണ്ടി സബ്സിഡി ഗവൺമെന്റ് കൊടുക്കേണ്ടതാണ്. ഈ സബ്സിഡി കൊടുക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള നൂൽ നൽകുന്നതിന് ഹാന്റക്സിലും ഹാൻവീവിലും യാൺ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ യാൺ ബാങ്കുകൾക്ക് ഈ വർഷം രണ്ടുകോടി രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly